**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5424 — 01.07.2019-ലെ മറുപടിയ്ക്ക്

## തിരുവനന്തപുരം ജില്ലയിലെ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി.ജോർജ്ജ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ പരിശീലനം നടത്തുന്ന കായിക താരങ്ങൾക്ക് ലഭ്യമാക്കുന്ന ആഹാരം, പരിശീലനം, താമസം എന്നിവ സംബന്ധിച്ച വിശദമായ മറുപടി ലഭ്യമാക്കുമോ; | (എ) | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലെ ബോക്സിംഗ്, റസ്ലിംഗ് എന്നീ ഇനങ്ങളിലെ കായികതാരങ്ങളുടെ പരിശീലനം, താമസം, ഭക്ഷണം എന്നിവ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലും സ്വിമ്മിംഗിന്റെ പരിശീലനം, താമസം, ഭക്ഷണം എന്നിവ പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽ സമുച്ചയത്തിലുമാണ് ഒരുക്കിയിരിക്കുന്നത്. സൈക്ലിംഗ് പരിശീലനം എൽ.എൻ.സി.പിയിലും താമസം, ഭക്ഷണം എന്നിവ ചെമ്പഴന്തി എസ്.എൻ. കോളേജിലുമാണ് നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത കായികതാരങ്ങൾക്ക് ആവശ്യമായ കായിക ഉപകരണങ്ങൾ എല്ലാം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | നിലവിൽ ബോക്സിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, സൈക്ലിംഗ് എന്നീ കായികയിനങ്ങൾക്ക് പരിശീലകർ നിർദ്ദേശിച്ച പ്രകാരമുള്ള കായിക ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം | കായികയിനം | ഉപകരണങ്ങൾ |
|---|---|---|
| 1 | ബോക്സിംഗ് | പഞ്ചിംഗ് ബാഗ്, ഗ്ലൗസ്, റിങ് |
| 2 | റസ്ലിംഗ് | മാറ്റ്, ക്രഷ് മാറ്റ്, |

| | | | |
|---|---|---|---|
| | | | <table><tr><td></td><td></td><td>ക്ലൈമ്പിങ് റോപ്പ്, വെറൈറ്റി റോപ്പ്</td></tr><tr><td>3</td><td>സ്വിമ്മിംഗ്</td><td>അന്താരാഷ്ട്ര നിലവാരമുള്ള പൂളും മറ്റു പരിശീലന സാമഗ്രികളും</td></tr><tr><td>4</td><td>സൈക്ലിംഗ്</td><td>ആദ്യ ഘട്ടത്തിൽ എല്ലാ താരങ്ങൾക്കും പൊതുവായ സൈക്കിളും വിദഗ്ധ പരിശീലനത്തിന് വ്യക്തിഗത ഇനം തിരിച്ചുള്ള പ്രത്യേക സൈക്കിളുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു.</td></tr></table> |
| (സി) | പ്രസ്തുത കായികതാരങ്ങളെ തെരഞ്ഞെടുത്തതിനുശേഷം അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ആദ്യ ഘട്ടത്തിൽ എല്ലാ കായിക ഇനങ്ങളിലെയും കായികതാരങ്ങൾക്ക് ലഭ്യമായ താൽക്കാലിക സൗകര്യങ്ങൾ നൽകിയിട്ടുണ്ട്. നിലവിൽ ബോക്സിംഗ്, റസ്ലിംഗ് കായികതാരങ്ങൾക്ക് സ്ഥിരമായ താമസം ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ ഹോസ്റ്റലിലും സ്വിമ്മിംഗ് കായികതാരങ്ങൾക്ക് പിരപ്പൻകോട് നീന്തൽ സമുച്ചയത്തിലെ ഹോസ്റ്റിലും സൈക്ലിങ് കായിക താരങ്ങൾക്ക് താമസം സൗകര്യം ചെമ്പഴന്തി എസ്.എൻ.കോളേജിന്റെ ഹോസ്റ്റലിലുമാണ് ഒരുക്കിയിരിക്കുന്നത്. |
| (ഡി) | ഓപ്പറേഷൻ ഒളിമ്പ്യയിൽ പരിശീലനം നടത്തുന്ന വിദ്യാർത്ഥികളായ കായികതാരങ്ങൾക്ക് നിബന്ധനകളിൽ ഇളവുവരുത്തി സ്കൂളുകളിലും കോളേജുകളിലും അനുയോജ്യമായ കോഴ്സുകൾ പഠിക്കുന്നതിനുവേണ്ട അഡ്മിഷൻ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ഡി) | സ്കൂൾ, കോളേജ് തലത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ അഡ്മിഷൻ നടത്തേണ്ടുന്ന അതാത് ദിവസങ്ങളിൽ തന്നെ അഡ്മിഷൻ നടത്തുകയും അഡ്മിഷൻ ലഭിക്കാത്ത കുട്ടികൾക്കുള്ള സ്പെഷ്യൽ ഓർഡർ സംവിധാനങ്ങളിലൂടെ അഡ്മിഷനു ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഓപ്പറേഷൻ ഒളിമ്പ്യയിൽ പരിശീലനം നടത്തുന്ന കായികതാരങ്ങളുടെ മാതാപിതാക്കളുടെ/ രക്ഷകർത്താക്കളുടെ യോഗം എത്ര പ്രാവശ്യം വിളിച്ചിട്ടുണ്ട്; പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോയെന്ന് അറിയിക്കാമോ? | (ഇ) | തിരുവനന്തപുരം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ യോഗം ചേർന്നിട്ടുണ്ട്. രക്ഷാകർത്താക്കളും, കൗൺസിലും ചേർന്നുള്ള എഗ്രിമെന്റിൽ ഏർപ്പെടുന്നതിന്റെ വ്യവസ്ഥകൾ ബോദ്ധ്യപ്പെടുത്തതിനായിട്ടാണ് യോഗം ചേർന്നിട്ടുള്ളത്. യോഗത്തിന്റെ മിനിട്സ് ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ**